A

സമഗ്ര ശിക്ഷാ കേരളം

5001

# ആത്യന്തിക വിലയിരുത്തൽ I 2025-2026

## ആരോഗ്യ കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

**ക്ലാസ്: 5** **സമയം : 2 മണിക്കൂർ 15 മിനിട്ട്**

### നിർദേശങ്ങൾ

- ആകെ സമയത്തിന്റെ ആദ്യത്തെ **15 മിനിറ്റ് സമാശ്വാസ സമയമാണ്.** ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ചോദ്യപേപ്പറിൽ A. ആരോഗ്യകായിക വിദ്യാഭ്യാസം B. കലാവിദ്യാഭ്യാസം C. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ മൂന്ന് വിഭാഗങ്ങളുണ്ട്.
- എല്ലാ വിഭാഗങ്ങളുടെയും ചോദ്യങ്ങൾക്കും ഉപചോദ്യങ്ങൾക്കും കൃത്യമായ നിർദ്ദേശങ്ങൾ പാലിച്ച് ഉത്തരം എഴുതണം.

## A. ആരോഗ്യ കായിക വിദ്യാഭ്യാസം

**താഴെ കൊടുത്തിരിക്കുന്ന ഓരോ ചോദ്യങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരം എഴുതുക.**

**(2x1 സ്കോർ=2)**

1. ചുവടെ കൊടുത്തിരിക്കുന്നവയിൽ പതിവായി കഴിക്കുന്നതുകൊണ്ട് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയുള്ളത് ഏത്?
   (പഴങ്ങൾ, ധാന്യങ്ങൾ, പച്ചക്കറികൾ, ജംഗ്ഫുഡ്)

2. **ചേരുംപടി ചേർക്കുക.**
   താഴെ കാണുന്ന പട്ടികയിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.

| | | | |
|---|---|---|---|
| A. | ശവാസനം | i. | മുതുകിലെ എല്ലുകൾക്ക് ബലം ലഭിക്കുന്നു |
| B. | താഡാസനം | ii. | പുനഃപ്രാപ്തി നേടാൻ സഹായിക്കുന്നു |
| C. | ഭുജംഗാസനം | iii. | ശരീര ഏകോപനം, സന്തുലനം എന്നിവ കൈവരിക്കാൻ സഹായിക്കുന്നു. |

| | A | B | C |
|---|---|---|---|
| 1 | ii | iii | i |
| 2 | iii | ii | i |
| 3 | ii | i | iii |

**(5x2 സ്കോർ =10)**

3. കായികവിനോദം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?
4. ശരീരസംസ്ഥിതി എന്നാൽ എന്ത്?

**അഞ്ചു മുതൽ ഏഴുവരെ തന്നിരിക്കുന്ന ചോദ്യങ്ങളിൽ a,b ചോദ്യങ്ങളുണ്ട്. അവയിൽ ഏതെങ്കിലും ഒരെണ്ണത്തിനുമാത്രം ഉത്തരം എഴുതിയാൽ മതി.**

5. a. പുനഃപ്രാപ്തി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

   ***അല്ലെങ്കിൽ***

   b. വിശ്രമം എന്നാൽ എന്ത്?

6. a. 'ഹമ്മിങ് ബീ'പ്രവർത്തനം വിശദീകരിക്കുക.

**അല്ലെങ്കിൽ**

b. താഡാസനം ചെയ്യുന്നത് കൊണ്ടുള്ള ഗുണങ്ങൾ വിശദീകരിക്കുക.

7. a. വ്യക്തിശുചിത്വവുമായി ബന്ധപ്പെട്ട് നിങ്ങൾ ചെയ്യുന്ന പ്രധാന കാര്യങ്ങൾ എന്തെല്ലാം?

**അല്ലെങ്കിൽ**

b. ഒരു ദിവസം കുടിക്കേണ്ട വെള്ളത്തിന്റെ അളവ് എത്ര? പട്ടിക പൂർത്തിയാക്കുക.

| പ്രായം | അളവ് |
|---|---|
| 4 മുതൽ 8 വയസ്സുവരെ | |
| 9 മുതൽ 13 വയസ്സ് വരെ | |

8. നല്ല ആഹാരശീലങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുക. **(1x3 സ്കോർ =3)**

## B. കലാവിദ്യാഭ്യാസം

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക**

**(4x1 സ്കോർ =4)**

1. നിങ്ങൾ വരച്ച പൂക്കളുടെ രേഖാചിത്രങ്ങൾക്ക് ജലച്ഛായം കൊണ്ട് നിറം കൊടുത്തപ്പോൾ നീലയും മഞ്ഞയും കലർന്നു പോയി. അപ്പോൾ ഉണ്ടായ നിറം ഏതാണെന്ന് എഴുതുക?
   A. ചുവപ്പ് B. കടുംനീല
   C. പച്ച D ഓറഞ്ച്
2. താഴെകൊടുത്തവയിൽ കൃഷിപ്പാട്ടിന് ഉദാഹരണം എഴുതുക.
   A. ഞാറ്റുപാട്ട് B. വഞ്ചിപ്പാട്ട്
   C. നാവോറുപാട്ട് D കുത്തിയോട്ടപ്പാട്ട്
3. വ്യത്യസ്തമായത് ഏത്
   A. ഭരതനാട്യം B. കഥകളി
   C. തെരുവുനാടകം D കുച്ചിപുടി
4. ചിത്രത്തിൽ കാണുന്ന കലാരൂപത്തെ തിരിച്ചറിയുക.



   A. കഥകളി B. ഓട്ടൻതുള്ളൽ
   C. ചാക്യാർകൂത്ത് D മോഹിനിയാട്ടം

5. സിനിമ ചിത്രീകരിക്കുന്നതിന് സഹായകമായി വരയ്ക്കുന്ന ചിത്രങ്ങളെ .................. എന്നു പറയുന്നു.

A. സ്ക്രിപ്റ്റ് B. സ്റ്റോറി ബോർഡ്

C. ഫോട്ടോഗ്രാഫി D. ക്ലാപ്പ് ബോർഡ്

**6. മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും മൂന്ന് എണ്ണത്തിന് ഉത്തരമെഴുതുക.**

**(3x2 സ്കോർ =6)**

6. നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും വായ്ത്താരികൾ വരുന്ന രണ്ട് നാടൻപാട്ടുകൾ കണ്ടെത്തി എഴുതുക?

7. പ്രാദേശിക നൃത്തങ്ങൾ എന്നാൽ എന്ത്?

8. തിരക്കഥ എന്നാലെന്ത് ?

9. ഒരു അഭിനേതാവിന് കഥാപാത്രമായി മാറാൻ എന്തൊക്കെ മുന്നൊരുക്കളാണ് ചെയ്യേണ്ടത് ?

10. ചിത്രകലാ ലോകത്തെ ഒരു അത്ഭുതമായിരുന്നു എഡ്മുണ്ട് തോമസ് ക്ലിന്റ്. കേവലം ഏഴുവസ്സുവരെ മാത്രം ജീവിച്ച ക്ലിന്റ് 25000- ത്തോളം ചിത്രങ്ങൾ വരച്ചു. എന്തായിരുന്നു ക്ലിന്റിന്റെ ചിത്രങ്ങളുടെ പ്രത്യേകതകൾ?

**11 മുതൽ 15 വരെയുള്ള ചോദ്യത്തിന് ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക?**

**(1x5 സ്കോർ =5)**

11. കാടിന് അടുത്തു കൂടെ മനോഹരമായ കാഴ്ചകൾ കണ്ടു കൊണ്ട് നിങ്ങൾ നടന്നു പോകുകയാണ്. ദൂരെ കാട്ടാറും അതിൽ കുളിക്കുന്ന ആനകളും മാൻകൂട്ടങ്ങളും കാണാം - ഈ ദൃശ്യം നിറപ്പകിട്ടോടെ വരയ്ക്കുക.

12. ചേരുംപടി ചേർക്കുക.

| | | |
|---|---|---|
| 1. നാടൻപാട്ട് | - | (a) ജി.ശങ്കരപ്പിള്ള |
| 2. കുമ്മാട്ടി | - | (b) വന്ദനക്കളി |
| 3. കോൽക്കളി | - | (c)കാവാലം രംഭ |
| 4. ലൂമിയർ സഹോദരൻമാർ | - | (d) പാളകൊണ്ടുണ്ടാക്കിയ മുഖം മൂടി |
| | | (e) സിനിമ |

13. മഴയുമായി ബന്ധപ്പെട്ട വാക്കുകൾ വരുന്ന 5 സിനിമാ ഗാനങ്ങൾ കണ്ടെത്തി എഴുതുക?

14. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും സിനിമയിലേയും നാടകത്തിലേയും ഘടകങ്ങൾ തരം തിരിച്ചെഴുതുക.

- സ്റ്റേജ്
- ഡബ്ബിംഗ്
- ഛായാഗ്രഹണം
- രംഗപടം
- എഡിറ്റിംഗ്
- രംഗവസ്തുക്കൾ

15. ചിത്രത്തിൽ കൊടുത്തിരിക്കുന്ന നൃത്തരൂപങ്ങളെ തിരിച്ചറിയുക.



A



B



C



D




E

## C. തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം


**ചുവടെ നൽകിയിരിക്കുന്ന എല്ലാ ചോദ്യങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരമെഴുതുക.**

**(4x1 സ്കോർ =4)**

1. ഈ ചിത്രങ്ങൾ എന്തിനെ സൂചിപ്പിക്കുന്നു?



ചിത്രം 1




ചിത്രം 2


a. വീടിന്റെ മുൻകാഴ്ചയും, മുറിയുടെ ക്രമീകരണവും

b വീടിന്റെ മുൻകാഴ്ചയും, ആകാശകാഴ്ചയും

c. മുറികളുടെ ക്രമീകരണവും, ആകാശകാഴ്ചയും

2. കിഴങ്ങുവർഗ്ഗങ്ങളിൽ ---------------------- അടങ്ങിയിരിക്കുന്നു.

3. ഫുഡ് പ്ലേറ്റിന്റെ ചിത്രം നിരീക്ഷിക്കുക. ഇതിൽ 40% എന്തിനെ സൂചിപ്പിക്കുന്നു ?




10% - ധാന്യങ്ങൾ

25% - മാംസ്യം

25% - കൊഴുപ്പ്

40% - ?

4. മണ്ണ്, ചാണകപ്പൊടി, ചകിരിച്ചോറ് എന്നിവ തുല്യഅളവിൽ ചേരുന്നതാണ് .................. ?

5. താഴെ കൊടുത്തിട്ടുള്ള പട്ടിക പരിശോധിച്ച് ശരിയായ ഉത്തരം കണ്ടെത്തി എഴുതുക.

(4x2 സ്കോർ =8)

| | | | |
|---|---|---|---|
| a) അന്നജം | - | (1) | പച്ചക്കറികൾ |
| b) മാംസ്യം | - | (2) | പാലുൽപ്പന്നങ്ങൾ |
| c) കൊഴുപ്പ് | - | (3) | ധാന്യങ്ങൾ |
| d) നാരുകൾ | - | (4) | മത്സ്യമാംസാദികൾ |

A. a-3, b-1, c-4,d-2

B. a-3, b-4, c-2,d-1

C. a-1, b-3, c-4,d-2

D. a-2, b-3, c-1,d-4

6. താഴെ തന്നിരിക്കുന്നവയിൽ നിന്ന് ഇലക്കറികൾ തെരഞ്ഞെടുത്ത് എഴുതുക.

**ക്യാരറ്റ്, ചീര, വാഴക്കൂമ്പ്**

**ചേന, ചേമ്പിൻ താള്**

**മത്തങ്ങ, മത്തൻ ഇല**

**ബ്രോക്കോളി, കാബേജ്**

**എഴ്, എട്ട് ചോദ്യങ്ങളിൽ a,b ചോദ്യങ്ങളുണ്ട്. അവയിൽ ഏതെങ്കിലും ഒരെണ്ണത്തിനുമാത്രം ഉത്തരം എഴുതിയാൽ മതി.**

7. a. പൂരിതകൊഴുപ്പ് ശരീരത്തിൽ അധികമാകുമ്പോൾ ഉണ്ടാകുന്ന നാല് രോഗങ്ങളുടെ പേരെഴുതുക?

***അല്ലെങ്കിൽ***

b. ഏറുമാടം നിർമ്മിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികളുടെ പേരെഴുതുക?

8. a. വീടുകളുടെ ആകൃതിയിലും നിർമ്മാണരീതിയിലും വ്യത്യാസം വരുത്തുന്നതിന് കാരണമായ ഘടകങ്ങൾ ഏതെല്ലാം ?

- ഭൂപ്രകൃതി
- 

***അല്ലെങ്കിൽ***

b. പരിസ്ഥിതിക്കനുയോജ്യമായ ഗ്രോബാഗ് നിർമ്മിക്കുന്നതിനുപയോഗിക്കുന്ന വസ്തുകൾ ഏതെല്ലാം ?

9. മികച്ച കർഷകനുള്ള കേരള സർക്കാർ അവാർഡ് നേടിയ വ്യക്തിയുമായി അഭിമുഖം നടത്താൻ ആവശ്യമായ ചോദ്യാവലി തയ്യാറാക്കുക. (കുറഞ്ഞത് ആറ് ചോദ്യങ്ങൾ ഉൾപ്പെടുത്തണം)

(1x3 സ്കോർ =3)